LIBRARY ARCHIVES Kerala Legislative Assembly

സബ് ഇൻസ്പെക്ടർ, എൽ. ഡി. സി. എന്നീ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്ന കാലത്തുണ്ടായിരുന്ന പി. എസ്. സി. അംഗങ്ങളും ചെയർമാനും

38 [38] ശ്രീ. കെ. പി. വിശ്വനാഥൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ബാലറാം:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് ഇൻസ്പെക്ടർ, എൽ. ഡി. സി. എന്നീ തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിനർഹരായവരുടെ റാങ്ക് ലിസ്റ്റ് ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിക്കുന്ന സമയത്ത് പബ്ലിക് സർവീസ് കമ്മീഷനിലുണ്ടായിരുന്ന അംഗങ്ങളും ചെയർമാനും ആരെല്ലാമായിരുന്നു;

(ബി) ഇവർ ഏത് സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവരാണ്;

(സി) ഇവരിൽ ആരെങ്കിലും സർവീസിൽ നിന്നും ഡിസ്മിസ് ചെയ്യപ്പെട്ടവരാണോ; എങ്കിൽ ആരെല്ലാം;

(ഡി) മേൽപ്പറഞ്ഞ രണ്ട് തസ്തികകളിലേക്ക് എഴുത്തു പരീക്ഷ നടത്തിയതും റാങ്ക് ലിസ്റ്റ് തയാറാക്കിയതും സംബന്ധിച്ച് എന്തെല്ലാം ആരോപണങ്ങളും പരാതികളുമുണ്ടായി;

(ഇ) അവയിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(എഫ്) സബ് ഇൻസ്പെക്ടർ നിയമനത്തിനുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച് എത്ര കേസുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി, ഡി, ഇ & എഫ്) വിവരം ശേഖരിച്ചു വരുന്നു.

ഗുണ്ടകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചുവർുന്ന നടപടികൾ

39 [39] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഗുണ്ടകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഗുണ്ടാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 2003 വർഷത്തിൽ സംസ്ഥാനത്ത് എത്ര കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇത്തരം കേസുകളിൽ കഴിഞ്ഞ വർഷം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) സംസ്ഥാനത്തെ സ്ഥിരം ഗുണ്ടകളെയും ഗുണ്ടാസംഘങ്ങളെയും കുറിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 'ഗുണ്ട' എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവചിക്കപ്പെട്ടിട്ടില്ല. എന്നാൽ മറ്റുകുറ്റകൃത്യങ്ങൾ പോലെ സംഘടിത അക്രമ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുകയും അവയെപ്പറ്റി ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ യോഗങ്ങളിൽ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) സംഘടിത അക്രമ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുവാൻ വേണ്ടി പ്രത്യേകം പോലീസ് സ്ക്വാഡുകൾ രൂപീകരിച്ചും ശക്തമായ പോലീസ് പട്രോളിംഗ് നടത്തിയും ഇത്തരക്കാരെ കണ്ടെത്തി ഇവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ റൗഡി ഹിസ്റ്ററി ഷീറ്റുകളും മറ്റും ഉണ്ടാക്കി അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംഘടിത അക്രമങ്ങളുമായി ബന്ധപ്പെട്ട് 2003 വർഷത്തിൽ 80 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സംഘടിത അക്രമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 2003 വർഷത്തിൽ രജിസ്റ്റർ ചെയ്ത "80" കേസുകളിൽ "224" പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ & എഫ്) ഗുണ്ടാ എന്ന പദം നിയമദൃഷ്ട്യാ നിർവചിച്ചിട്ടില്ല. എന്നാൽ സംഘടിത അക്രമപ്രവർത്തനങ്ങൾ നടത്തുന്നവരെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. സ്ഥിരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും കൂലിത്തല്ലും മറ്റും നടത്തുന്നവരുടെ ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നവരെ ഉൾപ്പെടുത്തി റൗഡി ഹിസ്റ്ററി ഷീറ്റുകളും തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly